"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി - 2014 15 - ഇടുക്കി നിയോജക മണ്ഡലം - വാത്തിക്കുടി ഗ്രാമപഞ്ചായത്ത് - രാജമുടി പഞ്ചായത്ത് സ്റ്റേഡിയം നവീകരണം- ഭരണാനുമതി പുതുക്കി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്

G.O.(Rt) No.439/2021/LSGD തീയതി, തിരുവനന്തപുരം, 15/02/2021

---

പരാമർശം:- 1 26.02.2016 ലെ സഉ(സാധാ) നമ്പർ: 864/2016/തസ്വഭവ.

2 ബഹു: എം.എൽ.എ ശ്രീ റോഷി അഗസ്റ്റിന്റെ 05/01/2021 ലെ 607/ആർഎ/ജൻ/21 നമ്പർ കത്ത്.

3 കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ചീഫ് ടെക്നിക്കൽ ഓഫീസറുടെ 01/01/2021 ലെ ടെക്/09/14/ആർഡ.എൻ.കെ.വി നമ്പർ കത്ത്.

4 12/02/2021 ലെ സ. ഉ. (സാധാ) നമ്പർ: 1244/2021/ധന.

ഉത്തരവ്

ഇടുക്കി എം.എൽ.എ ശ്രീ റോഷി അഗസ്റ്റിൻ അവർകളുടെ 2014 - 15 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ രാജമുടി പഞ്ചായത്ത് സ്റ്റേഡിയം നവീകരണം എന്ന പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനാണ് പദ്ധതി നിർവ്വഹണ ചുമതല നൽകിയിരുന്നത്.

എന്നാൽ ടി പ്രവൃത്തി ആരംഭിച്ചുവെങ്കിലും ഇടുക്കിയിലുണ്ടായ പ്രളയവും, റോഡ് മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ചില തർക്കങ്ങളും നിലനിന്നിരുന്നതിനാൽ പ്രവൃത്തി തുടരുവാൻ സാധിച്ചില്ലെന്നും നിലവിൽ നിർമ്മാണം സംബന്ധിച്ച് നിലനിന്നിരുന്ന സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ചതിനാൽ പുതുക്കിയ ഭരണാനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ബഹു: എം.എൽ.എ അഭ്യർത്ഥിച്ചിരുന്നു. സ്റ്റേഡിയത്തിലൂടെ അംഗൻവാടി ഉൾപ്പെടെയുള്ള സ്ഥലത്തേയ്ക്ക് കടന്നു പോകുന്ന റോഡ് മാറ്റി സ്ഥാപിക്കുന്നതിലേക്കും, റോഡിനോട് ചേർന്ന സ്റ്റേഡിയത്തിന്റെ ഭാഗം സംരക്ഷണഭിത്തി, സ്റ്റേഡിയത്തിന്റെ ചരിഞ്ഞ ഭാഗത്ത് കൈവരികൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടതായിട്ടുണ്ട്. ആയതിനാൽ ബഹു എം.എൽ.എ ആവശ്യപ്പെട്ടതനുസരിച്ച് ഭരണാനുമതി തുകയിൽ അധികരിക്കാതെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റും മറ്റനുബന്ധ രേഖകളും പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. റിവൈസ്ഡ് എസ്റ്റിമറ്റ് പ്രകാരം പ്രവൃത്തി നടത്തുന്നതിലേക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് പരാമർശം (4) പ്രകാരം ധനകാര്യ വകുപ്പ് പ്രത്യേകാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ഇടുക്കി നിയോജക മണ്ഡലത്തിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ രാജമുടി പഞ്ചായത്ത് സ്റ്റേഡിയം നവീകരണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി തുകയിൽ

അധികരിക്കാതെ തയ്യാറാക്കിയ പരിഷ്കരിച്ച എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
U V JOSE IAS
SPECIAL SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ

ധനകാര്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ആഡിറ്റ്, എൽബിഎ &എ) തിരുവനന്തപുരം

സെക്രട്ടറി, വാത്തിക്കുടി ഗ്രാമപഞ്ചായത്ത് , ഇടുക്കി

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണവകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ